LIBRARY ARCHIVES Kerala Legislative Assembly

മുട്ടങ്ങൽ എൽ.പി സ്കൂൾ

194(4204) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് മുട്ടങ്ങൽ എൽ.പി. സ്കൂളിന്റെ സ്ഥലവും ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

മുട്ടങ്ങൽ എൽ.പി. സ്കൂളിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ സ്കൂൾ അൺഇക്കണോമിക്ക് സ്കൂളുകളുടെ വിഭാഗത്തിൽ പെട്ടതാണോയെന്ന് അറിയിക്കുമോ; ഇവിടെ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലായി നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം അറിയിക്കുമോ?

പ്രസ്തുത സ്കൂൾ അൺഇക്കണോമിക്ക് വിഭാഗത്തിൽപ്പെടുന്നു. ടി സ്കൂളിൽ 37 കുട്ടികൾ പഠിക്കുന്നു. 4 അദ്ധ്യാപകർ, ഒരു നഴ്സറി ടീച്ചർ, ഒരു പാചക തൊഴിലാളി എന്നിവർ നിലവിൽ ജോലി ചെയ്തുവരുന്നു.

(സി) ഈ സ്ഥാപനം മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ടി സ്കൂൾ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കണ്ണിവയൽ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

195(4205) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കണ്ണിവയൽ ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ (ചിറ്റാരിക്കൽ) 2006-2011 വർഷത്തിൽ കെട്ടിട നിർമ്മാണത്തിനായി മൂന്ന് കോടി പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടും നിർമ്മാണപ്രവൃത്തി ആരംഭിക്കാൻ കഴിയാതെ വന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് പദ്ധതിയിനത്തിൽ ഭരണാനുമതി നൽകിയിട്ടില്ല.